**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 257 18.03.2013-ൽ മറുപടിയ്ക്ക്

## ഒറ്റയ്ക്ക് താമസിക്കുന്നവർ കൊല ചെയ്യപ്പെട്ട കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ ഒറ്റയ്ക്ക് താമസിക്കുന്നവർ കൊല ചെയ്യപ്പെട്ട എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഒറ്റയ്ക്ക് താമസിക്കുന്നവർ കൊല ചെയ്യപ്പെട്ട 19 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര പേരെ ഇനിയും പിടികൂടാനുണ്ട്; വ്യക്തമാക്കാമോ;<br>(സി) ഈ കേസ്സുകളിൽ അന്വേഷണം പൂർത്തിയായി കുറ്റപത്രം സമർപ്പിച്ചവ എത്ര; അന്വേഷണം പൂർത്തിയാക്കാത്തവ എത്ര; ഈ കേസ്സുകളിൽ അറസ്റ്റു ചെയ്യപ്പെടേണ്ടവർ എത്ര; വ്യക്തമാക്കാമോ? | (ബി) & (സി) ഈ കേസ്സുകളുമായി ബന്ധപ്പെട്ട് 30 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്ന് പേരെ ഇനിയും പിടികൂടാനുണ്ട്. ആലപ്പുഴ ജില്ലയിലെ North PS Cr No. 878/12 എന്ന കേസിലെ പ്രതികളെ ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. ഈ കേസുകളിൽ 9 എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കാനുള്ള 10 കേസുകളിൽ രണ്ടെണ്ണം ക്രൈംബ്രാഞ്ച് വിഭാഗത്തിന് ഊർജ്ജിത അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ